**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4476** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ യുവാക്കളുടെ നൈപുണ്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ എം വിൻസെൻറ് , ശ്രീ. ടി. ജെ. വിനോദ്** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി അടിസ്ഥാന വിദ്യാഭ്യാസം സിദ്ധിച്ച യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലന പരിപാടികളും, നൈപുണ്യ വികസന പരിപാടികളും സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽ ഉയർന്ന വിദ്യാഭ്യാസവും തൊഴിൽ പരിശീലനം നേടിയവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് തൊഴിൽ ലഭിക്കുന്ന മേഖലകളെ കണ്ടെത്തി അവിടുത്തെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് തൊഴിൽ നൽകുന്നതിനായി 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. 2016-17 വർഷം മുതൽ നാളിതുവരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 16 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 46 കോഴ്സുകളിലായി 5658 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന ഒരു പ്രധാന പരിശീലന പരിപാടിയാണ് 'ഗോത്രജീവിക'. 2016-17 വർഷം മുതൽ ആരംഭിച്ച ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി മേസ്തിരി, കാർപ്പന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ചെയ്തു വരുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പന്തപ്ര കോളനിയിൽ ഏറ്റെടുത്ത 57 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ടി ഗ്രൂപ്പുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. 57 സംഘങ്ങൾ മുഖേന രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഗുണഭോക്താക്കളെ കെട്ടിട നിർമ്മാണ രംഗത്ത് പങ്കെടുപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. അവരവരുടെ തൊഴിൽ മേഖലയ്ക്ക് അനുസരിച്ച് പണിയായുധങ്ങളും മറ്റ് സാമഗ്രികളും വാങ്ങുന്നതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഗോത്രജീവിക -കെട്ടിടനിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർപോർട്ട് മാനേജ്മെന്റ് & എയർ ലൈൻ കോഴ്സുകൾ, കൂടാതെ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങി ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലനപരിപാടികൾ 2021-22 വർഷം നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗം ഉറപ്പാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിൽ സാധ്യതയുള്ള തൊഴിൽപരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേസ്മെന്റുകൾ ഉറപ്പാക്കുക, നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വദേശത്തും, വിദേശത്തും |

| | | | |
|---|---|---|---|
| | | | തൊഴിൽ നേടികൊടുക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | സർക്കാർ അംഗീകൃതസ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിൽ അംഗീകാരമുള്ള വിവിധ പരിശീലന സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ